**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി ടിക്കറ്റ് നറുക്കെടുപ്പുകളിലെ ഒന്നാം സമ്മാനാർഹരായവരുടെ വിവരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാർ നടത്തുന്ന ലോട്ടറികളുടെ നറുക്കെടുപ്പിൽ ഒന്നാം സമ്മാനാർഹരായവരുടെ വിവരങ്ങൾ പുറത്തുവിടുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിൽ ഒന്നാം സമ്മാനാർഹരുടെ വ്യക്തിഗത വിവരങ്ങൾ വിവരാകാശ നിയമം 2005-ലെ വകുപ്പ് 8(1)(ഇ), 8(1)(ജെ) എന്നിവ പ്രകാരം പുറത്തുവിടാൻ കഴിയുന്നതല്ല. ഒന്നാം സമ്മാനാർഹരുടെ വിവരങ്ങൾ പുറത്ത് വിടുന്നത് സംബന്ധിച്ച് വിവരാവകാശ കമ്മീഷന്റെ ഉത്തരവിന്മേൽ ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും അതിന്മേലുള്ള വ്യവഹാരം തുടർന്നു വരുന്നതുമാണ്.

**(ബി)** ടിക്കറ്റ് നഷ്ടപ്പെടുകയോ സമ്മാനം ലഭ്യമായ വിവരം അറിയാതെ പോവുകയോ ചെയ്തതുമൂലം 2025 ജനവരി മുതൽ 2025 ഡിസംബർ മാസം വരെ ഓരോ മാസവും ഒന്നാം സമ്മാനം ക്ലെയിം ചെയ്യാത്ത എത്ര കേസുകൾ ഉണ്ടെന്നും ഈ ഇനത്തിൽ ഓരോ മാസവും സർക്കാരിലേക്ക് എത്ര തുക ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ക്ലെയിം ചെയ്യാത്ത സമ്മാനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തണമെന്നുള്ള വിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും ഈ വിഷയം കോടതിയുടെ പരിഗണനയിലുള്ളതുമാണ്.

**(സി)** ഒന്നാം സമ്മാനം ക്ലെയിം ചെയ്യാതെ സർക്കാരിലേക്ക് ലഭിച്ച തുക എത്രയെന്ന വിശദാംശം നൽകണമെന്ന വിവരാവകാശ കമ്മീഷൻ ഉത്തരവിന്മേൽ സർക്കാർ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം നൽകാതെ സ്റ്റേ വാങ്ങിയതിന്റെ കാരണം വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. 2010-ലെ ലോട്ടറീസ് (റെഗുലേഷൻ) റൂൾസ്-ലെ ചട്ടം 3(16) പ്രകാരം ക്ലെയിം ചെയ്യാത്ത സമ്മാനങ്ങളുടെ വിവരം സർക്കാർ സൂക്ഷിക്കേണ്ടതില്ല. അതിനാലാണ് ഈ വിവരം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കമ്മീഷൻ ഉത്തരവിന്മേൽ സ്റ്റേ വാങ്ങിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**